എല്ലാ സർക്കാർ, കമ്മ്യൂണിറ്റി സർവീസ്സുകളും:

- നിങ്ങളെ സ്വാഗതം ചെയ്യുന്നതായിരിക്കണം
- നിങ്ങളോട് ആദരവോടെ പെരുമാറണം
- എല്ലാവരേയും പോലെ നിങ്ങളെയും പരിഗണിക്കണം
- വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ച് അറിഞ്ഞിരിക്കണം
- നിങ്ങളുടെ അവകാശങ്ങൾ മനസിലാക്കാൻ സഹായിക്കണം

ഒരു സേവന ദാതാവിനെക്കുറിച്ച് പരാതിപ്പെടാൻ നിങ്ങൾക്ക് അനുവാദമുണ്ട്

## എൻഎസ്ഡബ്ല്യൂ ഓംബുഡ്സ്മാൻ

എൻഎസ്ഡബ്ല്യൂവിലെ എല്ലാവരേയും സഹായിക്കാൻ ഞങ്ങൾ ഇവിടെയുണ്ട്.
എല്ലാവരും നല്ല രീതിയിൽ പരിഗണിക്കപ്പെടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.
ഞങ്ങളുടെ സേവനം സൗജന്യമാണ്

## ഞങ്ങളെ ബന്ധപ്പെടുക

**02 9286 1000 എന്ന നമ്പറിൽ വിളിക്കുക**

**ടോൾ ഫ്രീ 1800 451 524**
സിഡ്നി മെട്രോപൊളിറ്റൻ പ്രദേശത്തിന് പുറത്ത് – മൊബൈൽ ചാർജ്ജുകൾ ബാധകമായേക്കാം.

**nswombo@ombo.nsw.gov.au**

**നാഷണൽ റിലേ സർവീസ് 133 677**

**വ്യാഖ്യാതാവ്**
ഘട്ടം 1: ടിഐഎസിനെ വിളിക്കുക 131 450
ഘട്ടം 2: എൻഎസ്ഡബ്ല്യൂ ഓംബുഡ്സ്മാനുമായി സംസാരിക്കാൻ ആവശ്യപ്പെടുക - 9286 1000

**www.ombo.nsw.gov.au**

ISBN: 978-1-925885-60-6

Malayalam | മലയാളം

Ombudsman
New South Wales



# നിങ്ങൾക്ക് ഒരു എൻഎസ്ഡബ്ല്യൂ സർക്കാർ സേവനത്തിലോ കമ്മ്യൂണിറ്റി സേവനത്തിലോ എന്തെങ്കിലും പ്രശ്നമുണ്ടോ?

# നിങ്ങൾ ഒരു പരാതി നൽകാൻ ശ്രമിച്ചിരിക്കാം. **എന്നാൽ** അത് സഹായകമായില്ല.



## നിങ്ങളോട് അന്യായമായാണ് പെരുമാറിയതെന്ന് കരുതുന്നുണ്ടോ?

**നിങ്ങൾ സഹായം നേടാൻ ശ്രമിച്ചു, പക്ഷേ കഴിയാതെ പോയ കാര്യങ്ങൾ:**

- പ്രശ്നം പരിഹരിക്കുക
- കൂടുതൽ വിവരങ്ങൾ നേടുക
- നിങ്ങളുടെ അവകാശങ്ങളെക്കുറിച്ച് കണ്ടെത്തുക.

**ഉദ്യോഗസ്ഥർ സഹായിച്ചില്ല, അല്ലെങ്കിൽ അവർ**

- പരുഷസ്വഭാവമുള്ളവരായിരുന്നു, നിങ്ങളെ ബഹുമാനിച്ചില്ല
- നിങ്ങളുടെ ഭാഷയിൽ വിവരങ്ങൾ നൽകിയില്ല
- ഒരു വ്യാഖ്യാതാവ് ലഭ്യമായിരുന്നില്ല.

## എൻഎസ്ഡബ്ല്യു ഓംബുഡ്സ്മാന് സഹായിക്കാൻ കഴിഞ്ഞേക്കും.

**ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ കഴിയും:**

- സേവന ദാതാവിന് ഒരു കത്ത് അയയ്ക്കുന്നതിന്
- ബന്ധപ്പെടാനുള്ള ശരിയായ വ്യക്തിയെ കണ്ടെത്തുന്നതിന്
- നിങ്ങളുടെ പരാതിയിൽ നിന്ന് നിങ്ങൾ ആഗ്രഹിക്കുന്ന ഫലം പ്രകടിപ്പിക്കുന്നതിന്.

**ഞങ്ങൾക്ക്:**

- സേവന ദാതാവിന് നിങ്ങൾ എഴുതിയ കത്തുകൾ അല്ലെങ്കിൽ സേവന ദാതാവ് നിങ്ങൾക്ക് എഴുതിയ കത്തുകൾ പോലുള്ള പ്രശ്നത്തെക്കുറിച്ച് നിങ്ങളുടെ പക്കലുള്ള ഏതെങ്കിലും പേപ്പറുകൾ കൊണ്ടുവരാൻ നിങ്ങളോട് ആവശ്യപ്പെടാം
- നിങ്ങൾക്ക് പ്രശ്നമുള്ള സേവന ദാതാവിനോട് സംസാരിക്കാം
- നിങ്ങളെ സഹായിച്ച മറ്റ് ആളുകളുമായി സംസാരിക്കാം

മറ്റ് ആളുകൾക്കും നിങ്ങളെപ്പോലെ തന്നെ പ്രശ്നമുണ്ടാകാം. എല്ലാവർക്കും സേവനങ്ങൾ മികച്ചതാക്കാൻ ഞങ്ങൾ സേവന ദാതാക്കളുമായി പ്രവർത്തിക്കുന്നു.